838
23/1/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ആവിഷ്കരിച്ച പെൻഷൻ പദ്ധതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(എം.എസ്) നം.04/2015/സാനീവ. തീയതി, തിരുവനന്തപുരം, 17.01.2015.

---

പരാമർശം : (1) 07.08.2009 ലെ സ.ഉ.(എം.എസ്) നം. 31/2009/സാക്ഷേവ

(2) സാമൂഹ്യനീതി ഡയറക്ടറുടെ 11.08.2014 -ലെ AWWF/D2-394/2014 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) ലെ സാമൂഹ്യനീതി ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ പദ്ധതി ആവിഷ്കരിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (5) ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

'അങ്കണവാടിയിൽ നിന്നും പെൻഷനായി വിരമിക്കുന്ന വർക്കർക്ക് 15,000/- രൂപയും ഹെൽപ്പർക്ക് 10,000/- രൂപയും വിരമിക്കൽ ആനുകൂല്യമായി നൽകുന്നതാണ്.

ഈ പദ്ധതിയിൽ കുടുംബ പെൻഷൻ അനുവദനീയമല്ല'.

2. പരാമർശം (1)-ലെ സർക്കാർ ഉത്തരവ് മേല്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ }
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർ } (സാമൂഹനീതി ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ് (30.12.2014-ലെ 79068/WW2/14/Fin പ്രകാരം)
തദ്ദേശ സ്വയംഭരണ വകുപ്പ്.
വെബ്ബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ